പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2040 | 22.03.2012-ൽ മറുപടിക്ക്.

ഗ്രാമ ന്യായാലയ രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേന്ദ്ര നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 'ഗ്രാമ ന്യായാലയ' രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; | : (എ) ഇതിനകം തന്നെ ഗ്രാമന്യായാലയങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | : (ബി) കേരളത്തിൽ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്ന ഗ്രാമന്യായാലയങ്ങൾ വഴി സിവിൽ, ക്രിമിനൽ കേസ്സുകൾ ലളിതമായ നടപടിക്രമങ്ങളിലൂടെ തീർപ്പാക്കുക എന്നതാണ് ലക്ഷ്യം. |
| (സി) ഏതെല്ലാം കുറ്റകൃത്യങ്ങളാണ് ഗ്രാമകോടതിയുടെ പരിധിയിൽവരുന്നതെന്ന് വിശദമാക്കുമോ ? | : (സി) 2008-ലെ ഗ്രാമന്യായാലയങ്ങൾ ആക്ടിലെ രണ്ടാം പട്ടികയിലെ ഒന്നാം ഭാഗത്ത് വ്യക്തമാക്കിയിരിക്കുന്ന എല്ലാ കുറ്റകൃത്യങ്ങളും, ഒന്നാം പട്ടികയിലെ രണ്ടാം ഭാഗത്ത് ഉൾപ്പെട്ടിരിക്കുന്ന നിയമങ്ങളിൽ വ്യക്തമാക്കിയിരിക്കുന്ന കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനും അവയ്ക്ക് പരിഹാരം നൽകുന്നതിനും, വകുപ്പ് 14(3) പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യുന്ന സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ കുറ്റകൃത്യങ്ങളും |

(മറുപുറം)

ഭാഗത്ത് വ്യക്തമാക്കിയിട്ടുള്ള സിവിൽ സ്വഭാവമുള്ള എല്ലാ വ്യവഹാരങ്ങളോ നടപടികളോ വിസ്തരിക്കുന്നതിനും പ്രസ്തുത ആക്ടിലെ 13(2)-ന് വിധേയമായി ആ ആക്ടിന്റെ തന്നെ വകുപ്പ് 14(1) പ്രകാരം കേന്ദ്ര സർക്കാരോ വകുപ്പ് 14(3) പ്രകാരം സംസ്ഥാന സർക്കാരോ വിജ്ഞാപനം ചെയ്യുന്ന എല്ലാ തരത്തിലുള്ള ക്ലെയിമുകളും തർക്കങ്ങളും വിസ്തരിക്കുന്നതും ഗ്രാമന്യായാലയങ്ങളുടെ പരിധിയിൽ വരുന്നതാണ്.

സെക്ഷൻ ഓഫീസർ